ICDS/A5 /5515/21

വനിതശിശുവികസന ഡയറക്ടർ
പൂജപ്പുര, തിരുവനന്തപുരം.
തീയതി 20.09.2021
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിതശിശുവികസന ഡയറക്ടർ

എല്ലാ ജില്ലാവനിത ശിശുവികസനഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം :- വനിതാശിശുവികസന വകുപ്പ്,ഡയറക്ടറേറ്റ്- ആദ്യ 1000 ദിന പരിപാടി 2021-22 പദ്ധതി ഉദ്ഘാടനം - സംബന്ധിച്ച്.

സൂചന :- ആദ്യ 1000 ദിന പരിപാടി 2021-22

ഗർഭാവസ്ഥയിലായിരിക്കുമ്പോൾ മുതൽ കുട്ടിയ്ക്ക് 2 വയസ്സ് തികയുന്നതുവരെയുള്ള ആദ്യ 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്ര വളർച്ചയിൽ അതീവ പ്രാധാന്യമുള്ളതാണ്. പട്ടിക വർഗ്ഗ ,തീരദേശ മലയോര മേഖലകൾക്ക് പ്രാധാന്യംനൽകി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷം മുതൽ പുതിയ 17 പ്രോജക്ടുകൾഉൾപ്പെടെ എല്ലാ ജില്ലകളിലുമായി ആകെ 28 പ്രോജക്ടുകളിൽ പുതിയ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി പദ്ധതി വിപുലീകരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു വരുന്നു.

സംസ്ഥാന സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി കുഞ്ഞിന്റെ സമഗ്ര വികസനത്തിന് വേണ്ടി ആവിഷ്കരിച്ചിരിക്കുന്ന ആദ്യ 1000 ദിനങ്ങൾ എന്ന വിപുലീകരിച്ച പദ്ധതിയുടെ ഉദ്ഘാടനം 23-09-2021 തീയതിയിൽ വൈകുന്നേരം 4 മണിയ്ക്ക് ബഹു കേരള മുഖ്യമന്ത്രി ഓൺലൈനായി നിർവഹിക്കുന്നു. പ്രസ്തുത പരിപാടിയുടെ തൽസമയ സംപ്രേക്ഷണം വകുപ്പിന്റെ WCD KERALA യൂട്യൂബ് ചാനൽ വഴി ലഭ്യമാക്കുന്നതാണ്. ഈ പരിപാടി വനിതശിശു വികസന വകുപ്പിലെ എല്ലാ ജീവനക്കാരും തൽസമയം വീക്ഷിക്കേണ്ടതും പരമാവധി പൊതുജനങ്ങളെ പരിപാടി വീക്ഷിക്കുന്നതിനായി ക്ഷണിക്കേണ്ടതുമാണ്.അതോടൊപ്പം തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികളെ നേരിൽ കണ്ട് പരിപാടി

സംബന്ധിച്ച അറിയിപ്പ് നൽകേണ്ടതും പരിപാടി വിജയിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

വനിതശിശുവികസന ഡയറക്ടർക്ക് വേണ്ടി